# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ. 13) വകുപ്പ്

## സർക്കുലർ

നമ്പർ 10827/എ.ആർ. 13 (2)/11/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2011 സെപ്റ്റംബർ 20.*

*വിഷയം:*—സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകണമെന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

*സൂചന:*—1. 1-1-2005-ലെ 19754/എ.ആർ. 13 (2)/04/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

2. 28-2-2005-ലെ 1209/എ.ആർ. 13 (2)/05/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

3. 4-6-2005-ലെ 7068/എ.ആർ. 13 (2)/05/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

4. 10-5-2006-ലെ 3435/എ.ആർ. 13 (2)/06/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

5. 23-2-2008-ലെ 1257/എ.ആർ. 13 (2)/08/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

6. 12-1-2009-ലെ 168/എ.ആർ. 13 (2)/09/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

പൊതുജനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്നും അപ്രകാരം കൈപ്പറ്റ് രസീത് നൽകണമെന്ന ഗവൺമെന്റ് ഉത്തരവിന്റെ ഉള്ളടക്കം ഓഫീസിന്റെ പ്രധാന ഭാഗത്ത് നിശ്ചിത വലിപ്പത്തിലുള്ള ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും സൂചനയിലെ സർക്കുലറുകൾ പ്രകാരം നിർദ്ദേശം നേരത്തെതന്നെ നൽകിയിട്ടുണ്ട്.

സൂചന (6)-ലെ സർക്കുലർ പ്രകാരം കൈപ്പറ്റ് രസീതിന്റെ പുതുക്കിയ മാതൃകയും അതോടൊപ്പം കൈപ്പറ്റ് രസീത് നൽകുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ ഉള്ളടക്കം ബോർഡിൽ എഴുതി പ്രദർശിപ്പിക്കേണ്ടതിന്റെ മാതൃക, എഴുതി പ്രദർശിപ്പിക്കേണ്ട ബോർഡിന്റെ വലിപ്പം എന്നിവ സംബന്ധിച്ചുള്ള നിർദ്ദേശവും ആവർത്തിച്ച് നൽകിയിട്ടുള്ളതാണ്. അതേസമയം കൈപ്പറ്റ് രസീത് സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്നില്ല എന്നുള്ള പരാതികൾ സർക്കാരിന് നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്നു.

GCPT. 3/3713/2011/DTP.

ആയതിനാൽ, കൃത്യമായി കൈപ്പറ്റ് രസീതുകൾ ലഭിക്കുന്നില്ല എന്നുള്ള പരാതികൾ ഇപ്പോഴും ലഭിക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്നും ഇതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിന്റെ ഉള്ളടക്കം നിശ്ചിത വലിപ്പത്തിലുള്ള ബോർഡിൽ എല്ലാ ഗവൺമെന്റ് ഓഫീസുകളിലും വീഴ്ച കൂടാതെ പ്രദർശിപ്പിക്കേണ്ടതാണെന്നും ഇതിനാൽ ആവർത്തിച്ച് നിർദ്ദേശിക്കുന്നു. നിർദ്ദേശം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

എസ്. എം. വിജയാനന്ദ്,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

മുഴുവൻ സ്വയംഭരണ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റി മേധാവികൾക്കും.

പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
(അച്ചടി, ദൃശ്യമാദ്ധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്).